LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ., ശമ്പളം എന്നീ ഇനത്തിലും, മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ്ജിനത്തിലും ചെലവഴിക്കപ്പെട്ടിട്ടുള്ള തുക അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അത്യാവശ്യഘട്ടങ്ങളിൽ ഓഫീസ് കാര്യങ്ങൾക്കും ഭരണ നിർവ്വഹണത്തിനും, പ്രത്യേകിച്ച് നിയമസഭാ സമ്മേളനം നടക്കുന്ന സന്ദർഭങ്ങളിൽ, കീഴ്വഴക്ക പ്രകാരം ഇത്തരത്തിൽ വാഹനം ഉപയോഗിക്കാറുണ്ട്. ഈ സമ്പ്രദായം നിയമവ്യവസ്ഥയ്ക്ക് അനുസൃതമാണോയെന്നത് പരിശോധിക്കുന്നതാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

(എഫ്) 2015-16 സാമ്പത്തിക വർഷം ഇതുവരെ ഈ ഇനങ്ങളിൽ സർക്കാരിന് ചെലവായ തുക അനുബന്ധമായി ചേർക്കുന്നു*.

ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ

68 (39) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അവധിയെടുത്ത് പോയിട്ടുണ്ട്; അവർ ആരെല്ലാം; എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ രാജിവെച്ചും വോളന്ററി റിട്ടയർമെന്റ് വാങ്ങിയും സർവ്വീസ് അവസാനിപ്പിച്ചു; അവർ ആരെല്ലാം; വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതേ കാലയളവിൽ സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; ആർക്കെല്ലാം എതിരെ; എന്തെല്ലാം കാരണങ്ങൾകൊണ്ട്; ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഏതൊക്കെ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ നിലവിലുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 34 ഐ.എ.എസ്. ഉദ്യോഗസ്ഥരും 15 ഐ.പി.എസ്. ഉദ്യോഗസ്ഥരും അന്യത്രസേവന വ്യവസ്ഥയിൽ പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 82 ഐ.എ.എസ്. ഉദ്യോഗസ്ഥരും 57 ഐ.പി.എസ്. ഉദ്യോഗസ്ഥരും പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു*. ഈ കാലയളവിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർ ആരും തന്നെ രാജിവച്ചോ വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയോ സർവ്വീസ് അവസാനിപ്പിച്ചിട്ടില്ല. ഐ.പി.എസ്.-ൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (KL:1983), വോളണ്ടറി റിട്ടയർമെന്റ് എടുത്തും ശ്രീ. ദീപക് രഞ്ജൻ ഐ.പി.എസ്. (KL:2009), ശ്രീ. ധീരജ് കുമാർഗുപ്ത ഐ.പി.എസ്. (KL:2010), ശ്രീ. കല്ലിഗോട്ടാ നാഗരാജു ഐ.പി.എസ്. (KL:2012) എന്നിവർ 'technical resignation' വഴിയും ശ്രീ. വിനോദ് തോമസ് ഐ.പി.എസ്. (KL:1993), ശ്രീ. സുനിൽ അസ്സാനി ഐ.പി.എസ്. (KL:1999) എന്നിവർ 'Deemed Resignation' വഴിയും സർവ്വീസ് അവസാനിപ്പിക്കുകയുണ്ടായി.

(സി) 4 ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയും, 10 ഐ.പി.എസ്. ഉദ്യോസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു*.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly